# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *454 — 17/05/2017 -ലെ മറുപടി

## കൊല്ലം - കോവളം, കോട്ടപ്പുറം - നീലേശ്വരം ജലപാതകളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി. ജോയി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ. ജലപാതകളെ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്ക നീക്കത്തിനുമായി ഉപയോഗിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ. സംസ്ഥാന ഉൾനാടൻ ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത - 3, കൊല്ലം മുതൽ കോവളം വരെയും. കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള സംസ്ഥാന ജലപാതകൾ, ഇവയിലേയ്ക്കുള്ള ഫീഡർ കനാലുകൾ എന്നിവ ഉൾപ്പെടുന്നു. ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലുള്ള ദേശീയ ജലപാത - 3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള (കൊടുങ്ങല്ലൂർ) 168 കി.മീ. ഭാഗം യാത്രയ്ക്കും ചരക്ക് നീക്കത്തിനും അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളും കനാൽ നിർമ്മാണവും നടന്നുവരുന്നു. മാഹി മുതൽ വളപട്ടണം വരെ വിവിധ ജലാശയങ്ങളെ ബന്ധപ്പെടുത്തി മൂന്ന് ഭാഗങ്ങളിൽ കനാൽ പുതുതായി നിർമ്മിക്കേണ്ടതായുണ്ട്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത പൂർണ്ണതോതിൽ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും. ചരക്ക് നീക്കത്തിനുമായി ഉപയോഗിക്കുന്നതിലേക്ക് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വർക്കല തുരങ്കങ്ങൾ, കോഴിക്കോട് കോർപ്പറേഷൻ |

പരിധിയിലെ ഇ.കെ.കനാൽ തുടങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുമുണ്ട്. ഇതു സംബന്ധിച്ച് സാങ്കേതിക വിദഗ്ദരുമായി ചർച്ചകൾ നടത്തി പ്രസ്തുത പ്രവർത്തികൾക്കുള്ള പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

| | |
|---|---|
| ബി. സംസ്ഥാനത്തെ ദേശീയ ജലപാത 2012-13 വർഷം പൂർത്തിയാകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അത് യഥാർത്ഥ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; | ബി. സംസ്ഥാനത്തെ ജലപാതകളിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത- 3 ന്റെ മേൽനോട്ടം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്. |
| സി. ഇതോടനുബന്ധിച്ചുള്ള കൊല്ലം-കോവളം, കോട്ടപ്പുറം - നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ വികസനത്തിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ ? | സി. കോവളം - കൊല്ലം , കോട്ടപ്പുറം - നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. കോട്ടപ്പുറം - നീലേശ്വരം പാതയിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം National Waterways Act, 2016 പ്രകാരം ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാന ജലപാതകളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

തിരുവനന്തപുരം ജില്ലയിൽ കോവളം മുതൽ വർക്കല വരെയുള്ള കയ്യേറ്റങ്ങൾ റവന്യൂ അധികാരികൾ നിർണ്ണയിച്ച് വരുന്നു. കോവളം മുതൽ നീലേശ്വരം വരെ ജലപാതക്ക് 590 കി.മീ. നീളമാണ് ഉള്ളത്. ഇതിൽ കോവളം മുതൽ കൊല്ലം വരെ 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമായിട്ടുണ്ട്. പാർവ്വതി പുത്തനാർ ഉൾപ്പെടെ 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. ഇതിൽ 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിൽ ഒന്നാം ഘട്ടമായി 80 കോടി രൂപയുടെ പദ്ധതി KIIFB യുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച ശേഷം രണ്ടാം ഘട്ടത്തിന്റെ പദ്ധതി തയ്യാറാക്കും. 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 മീ. വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി.മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നു വരുന്നു. ടി.എസ്. കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇലഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര - മാഹി കനാലിൽ (ചെ. 454.08 കി.മീ. - 467.69 കി.മീ.) ദേശീയജലപാതാ നിലവാരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 5 റീച്ചുകളായി തിരിച്ച് നടന്നു വരുന്നു.

മാഹി - വളപട്ടണം റീച്ചിൽ (ചെ. 467.89 കി.മീ. - 558.00 കി.മീ.) 3 ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ എതിർപ്പിനിടയിലും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി കനാൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 90.31 കി.മീ. വരുന്ന ഈ റീച്ചിൽ 26 കി.മീ. മാത്രമാണ് പുതിയ പാത. അവശേഷിച്ച ഭാഗങ്ങൾ പുഴകളും കായലുകളുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പാലക്കോട് പുഴ മുതൽ നീലേശ്വരം വരെ നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുന്ന മുറയ്ക്ക് ടി പാതയും ഗതാഗതയോഗ്യമാക്കുന്നതാണ്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**